**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3958** **06-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിലെ സ്കൂളുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ക്ലാസ് റൂമുകൾ ഉള്ള പുതിയ കെട്ടിട നിർമ്മാണത്തിനായി അറുപത്തിയാറ് ലക്ഷം രൂപ അനുവദിച്ചിരുന്ന പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി ഗവൺമെന്റ് യു.പി സ്കൂളിൽ നാല് ക്ലാസ് റൂമുകൾ കൂടി അത്യാവശ്യമായതിനാൽ കൂടുതൽ ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി യിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി ഗവണ്മെൻറ് യു.പി.സ്കൂളിൽ വികസനം നടത്തുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതേ തുടർന്ന് അഞ്ച് ക്ലാസ്സ് മുറികളുള്ള പുതിയ കെട്ടിട നിർമ്മാണത്തിനായി പദ്ധതി രൂപരേഖ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക കൂടി നിന്നതിനാൽ കിഫ്ബിയുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 3 ക്ലാസ്സ് റൂമുകളായി പദ്ധതി രൂപരേഖ സമർപ്പിക്കുകയും ആയത് പ്രകാരം 67.69 ലക്ഷം രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിലുള്ള ഭരണാനുമതിയിൽ മൂന്ന് ക്ലാസ്സ് റൂമുകൾ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. അധിക ക്ലാസ്സ് മുറികൾ ആവശ്യമാണെന്ന് കാണിച്ച് സ്കൂൾ പി.റ്റി.എ സമർപ്പിച്ച കത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ സഹിതം കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ